**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *26 28/10/2019-ന് മറുപടിക്ക്**

**പി. എസ്.സി പരീക്ഷകൾ മലയാളത്തിലാക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ജെ. ജോസഫ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | എല്ലാ പി.എസ്.സി പരീക്ഷകളും മലയാളത്തിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | പത്താം ക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്കെല്ലാം നിലവിൽ മലയാളത്തിൽ തന്നെയാണ് പരീക്ഷകൾ നടത്തുന്നത്. പ്ലസ് ടു തലം വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകൾ നിഷ്കർഷിച്ചിട്ടില്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾ മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണ ബിരുദം യോഗ്യതയായിട്ടുള്ള തസ്തികകളുടെ പരീക്ഷ കൾക്ക് 10 മാർക്കിന് ഭാഷാചോദ്യങ്ങളും ഉൾപ്പെടുത്തി യിട്ടുണ്ട്. കെ. എ. എസ് പരീക്ഷയുടെ പ്രാഥമിക പരീക്ഷയിൽ മലയാള ഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തുവാനും മുഖ്യപരീക്ഷയിൽ ഉദ്യോഗാർത്ഥികൾക്ക് മലയാളത്തിലും ഉത്തരങ്ങൾ എഴുതുവാൻ കഴിയുന്നതു മാണ്. |
| (ബി) | ഉയർന്ന സാങ്കേതിക ജോലികൾക്കൊഴികെയുള്ള എല്ലാ പരീക്ഷകളും മലയാളത്തിലാക്കുന്നതിന് എന്തെല്ലാം തടസങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ; | (ബി) & (സി) | പ്ലസ് ടു വിന് മുകളിൽ ഉയർന്ന യോഗ്യതകൾക്കും സാങ്കേതിക യോഗ്യതകൾക്കും യൂണിവേഴ്സിറ്റിയിൽ പഠന മാധ്യമം മലയാളമല്ലാത്തതിനാൽ ശരിയായ രീതിയിൽ മലയാളത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. ഈ വിഭാഗം ചോദ്യകർത്താക്കൾക്ക് അഥവാ കേരള ത്തിനു പുറത്തുള്ള ചോദ്യകർത്താക്കൾക്ക് മലയാളത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനും അല്ലെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങൾക്ക് ശരിയായ തർജ്ജിമ നൽകി മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തു ന്നതിനും പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇതൊഴിവാക്കുന്നതിലേക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, വിവിധ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ,ഭാഷാ വിദഗ്ധർ ഭാഷാ ഇൻസിറ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവരുടെ യോഗം കൂട്ടുകയും ഭാഷാ ഇൻസിറ്റിറ്റ്യൂട്ട് ഡയറക്ടർ |
| (സി) | സാങ്കേതിക പദങ്ങൾക്ക് തത്തുല്യമായ മലയാള പദങ്ങൾ കണ്ടെത്തുന്നതിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലെയുള്ള ഏതെങ്കിലും സ്ഥാപനത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | കൺവീനറായി സാങ്കേതിക പദങ്ങളുടെ മലയാള പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാകുന്നതിനായി ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക പദങ്ങൾക്ക് തുല്യമായ പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകൾ മലയാളത്തിൽ നടത്തുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**